## കേരള സർക്കാർ
## സംഗ്രഹം

ധനകാര്യ വകുപ്പ് - കേരള കലാമണ്ഡലത്തിലെ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ **(പെൻഷൻ-ബി)** വകുപ്പ്

**സ.ഉ(പി) നം.86/2018/ധന** **തിരുവനന്തപുരം, തീയതി : 08.06.2018.**

---

പരാമർശം : (1) സ.ഉ.(പി) നം.09/2016/ധന തീയതി 20.01.2016.

(2) കേരള കലാമണ്ഡലം രജിസ്ട്രാറുടെ 16.11.2016, 10.02.2017 എന്നീ തീയതികളിലുള്ള കെ.കെ.എം.ഡി.യു/എ-3/1805/2016 നമ്പരായുള്ള കത്തുകൾ.

(3) സ.ഉ.(കൈ) നം.12/2018/സാം.കാ.വ തീയതി 05.03.2018.

(4) യു.ഒ(എഫ്) നം.ഇ-450223/സി.എൽ.എ.ഡി-എ 1/169/17-സി.എൽ.എ.ഡി.

## <u>ഉത്തരവ്</u>

കേരള കലാമണ്ഡലത്തിൽ പത്താം ശമ്പള പരിഷ്കരണം പരാമർശം (3) പ്രകാരം നടപ്പിലാക്കിയ സാഹചര്യത്തിൽ കലാമണ്ഡലത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കണമെന്ന് കേരള കലാമണ്ഡലം രജിസ്ട്രാർ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പത്താം പെൻഷൻ പരിഷ്കരണം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (1) ലെ വ്യവസ്ഥകൾ അനുസരിച്ച് കേരള കലാമണ്ഡലത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 01.04.2013-ന് ശേഷം കലാമണ്ഡലത്തിൽ ജോലിയിൽ പ്രവേശിച്ചവരെ ദേശീയ പെൻഷൻ പദ്ധതിയിൽ (പങ്കാളിത്ത പെൻഷൻ) ഉൾപ്പെടുത്തുന്ന കാര്യം ഭരണവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.
2. 01.07.2014-ന് മുമ്പ് വിരമിച്ച പെൻഷൻകാർക്ക്/കുടുംബപെൻഷൻകാർക്ക്, പെൻഷൻ കുടിശ്ശിക രണ്ട് തുല്യ ഗഡുക്കളായി, 01.07.2018, 01.10.2018 എന്നീ തീയതികളിൽ നൽകാവുന്നതാണ്.

3. 01.07.2014-നോ അതിനു ശേഷമോ വിരമിച്ച ജീവനക്കാരുടെ ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ എന്നിവയുടെ കുടിശ്ശിക മുകളിൽ പറഞ്ഞ തീയതികളിൽ നൽകാവുന്നതാണ്. കമ്മ്യൂട്ടേഷനിലുള്ള കുടിശ്ശിക 01.10.2018, 01.12.2018 എന്നീ തീയതികളിൽ രണ്ട് തുല്യ ഗഡുക്കളായി നൽകാവുന്നതാണ്.

4. വിരമിച്ച ജീവനക്കാരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ, പെൻഷൻ തുക, പ്രതിമാസം ഉണ്ടാകുന്ന ചെലവുകളെക്കുറിച്ചുള്ള വിവരം, പെൻഷൻ ഇനത്തിനായി ചെലവഴിക്കുന്ന തുക സംബന്ധിച്ച റിപ്പോർട്ട് എന്നിവ ട്രഷറി ഡയറക്ടറുടെ പക്കൽ നിന്നും കലാമണ്ഡലത്തിലെ ഫിനാൻസ് ഓഫീസർ ത്രൈമാസ കാലയളവിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.ഷർമ്മിള മേരി ജോസഫ് ഐ.എ.എസ്**
**ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
രജിസ്ട്രാർ, കേരള കലാമണ്ഡലം കല്പിത സർവകലാശാല, ചെറുതുരുത്തി.
പൊതു ഭരണ (എസ്.സി) വകുപ്പ് (06.06.2018 ലെ 2215 നം. മന്ത്രിസഭാ തീരുമാനം).
ധനകാര്യ (എഡ്യൂക്കേഷൻ-സി) വകുപ്പ് (ഫയൽ നം.ഇ.ഡി.എൻ-സി3/25/ 2017-ധന)
സാംസ്കാരിക കാര്യ (എ) വകുപ്പ് (ഫയൽ നം.സി.എൽ.എ.ഡി-എ 1/169/17-സി.എൽ.എ.ഡി)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**